No. 74

Office copy. file copy

# kerala private college teacher

October
1987

# സേവനത്തിൻെറ പാതയിൽ.......

* ഭവനനിർമ്മാണ രംഗത്ത്
മററു സംസ്ഥാനങ്ങാക്ക് കേരളം
എന്നും ഒരു മാതൃകയാണ്

* പുത്തൻ ആശയങ്ങളും നവീന സങ്കേതങ്ങളും
സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
സ്വീകരിച്ചു വരുന്നു.

* വിവിധ ഭവന നിർമ്മാണ പദ്ധതികാം വഴി
കോടിക്കണക്കിന് രൂപ ഹൗസിംഗ് ബോർഡ്
വായ്പ നല്കിയിട്ടുണ്ട്.

* നിങ്ങാക്ക് ലഭിച്ച വായ്പ കൃത്യമായി
തിരിച്ചടച്ചാലേ സഹായം പ്രതീക്ഷിച്ചു
കഴിയുന്ന നിങ്ങളെപ്പോലെയുള്ളവർക്ക്
അതു നല്കാൻ കഴിയൂ.

* നിങ്ങളെ സഹായിക്കാൻ
നിങ്ങളുടെ ഭാവി തലമുറയെ സഹായിക്കാൻ
ഞങ്ങളെ സഹായിക്കുക.

* വായ്പത്തവണകാം കൃത്യമായി തിരിച്ചടയ്ക്കുക

* നിർദ്ദിഷ്ട ബാങ്കുകളിലൂടെയും
ഹൗസിംഗ് ബോർഡ് ആഫീസുകളിൽ
ഡ്രാഫ്ററായും വായ്പത്തവണകാം
തിരിച്ചടയ്ക്കാം.

* അന്തർദ്ദേശീയ പാർപ്പിട വർഷാചരണം - 1987

* രണ്ടായിരാമാണ്ടോടെ എല്ലാവർക്കും പാർപ്പിടം
എന്ന മഹത്തായ ലക്ഷ്യം കൈവരിക്കാൻ
ഓരോരുത്തരും സഹകരിക്കുക; സഹായിക്കുക.

## പാർപ്പിട പ്രശ്നം പരിഹരിക്കാൻ
## ഭവന നിർമ്മാണ ബോർഡ്

---

**കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, ശാന്തിനഗർ,**
**തിരുവനന്തപുരം-695 001**

മുഖക്കുറിപ്പ്

# അഴിമതിക്കെതിരെ

ജീവിതത്തിന്റെ സമസ്തമേഖലകളിലും അർബുദം പോലെ പടർന്നു പിടിച്ചിരിക്കുന്ന അഴിമതി ഇന്ന് സാർവത്രികമായി ചർച്ചെയ്യപ്പെടുന്ന വിഷയമാണ്. വെറും നിയമ നിർമ്മാണം കൊണ്ടുമാത്രം ഈ മഹാവിപത്തിൽ നിന്നും സമൂഹത്തെ രക്ഷിക്കാൻ സാദ്ധ്യമല്ല. ബോധപൂർവവും ആത്മാർത്ഥവുമായ പരിശ്രമം ഈ വഴിക്ക് നടക്കേണ്ടിയിരിക്കുന്നു.

രാഷ്ട്രത്തിന്റെ ഭാവി രൂപപ്പെടുത്തുന്ന വിദ്യാഭ്യാസ മേഖല തന്നെ അഴിമതിയുടെ പര്യായമായി മാറിയിട്ട് കാലമേറെയായി. വിദ്യാഭ്യാസം വില്പന ചരക്കായിത്തീർന്നിരിക്കെ, ഉന്നത വിദ്യാഭ്യാസ രംഗത്തെ മുഖ്യ ഘടകമായ സ്വകാര്യ മേഖലയാകട്ടെ അഴിമതിമൊത്തമായും ചില്ലറയായും കൈകാര്യം ചെയ്യുന്ന കമ്പോളമായി അധഃപതിച്ചിരിക്കുന്നു. ഇന്ത്യൻ ഭരണഘടന മത–ഭാഷാ ന്യൂനപക്ഷങ്ങൾക്ക് കനിഞ്ഞു നല്കിയിട്ടുള്ള പ്രത്യേകാനുകൂല്യങ്ങളുടെ തണലിൽ സേവനമെന്ന മുദ്രാവാക്യവുമായി രംഗത്തുവന്ന വ്യക്തികളും, സ്വകാര്യ സ്ഥാപനങ്ങളും, സംഘടകളും ഇത്തരമൊരു സ്ഥിതി വിശേഷം സൃഷ്ടിക്കുന്നതിന് നല്കിയിട്ടുള്ള 'വിലപ്പെട്ട സംഭാവന'കൾ വിസ്മരിക്കപ്പെട്ടു കൂടാ.

ഈ വ്യക്തികളും സ്ഥാപനങ്ങളും സേവനത്തിന് നൂതനങ്ങളായ നിർവചനങ്ങളും വ്യാഖ്യാനങ്ങളും നല്കികൊണ്ടിരിക്കുന്നു; പുതിയ വിതാനങ്ങളും മാനങ്ങളും കണ്ടെത്തിക്കൊണ്ടിരിക്കുന്നു. അപൂർവ്വം ചിലവയെ ഒഴിച്ചു നിർത്തിയാൽ ശേഷിക്കുന്നവ നടത്തിക്കൊണ്ടിരിക്കുന്ന 'സേവന'ങ്ങൾ നഗ്നമായ അഴിമതിയും കൊള്ളയുമാണ് എന്ന് വ്യക്തമാകും. സ്വകാര്യം മേഖലയിൽ അധ്യാപക അനധ്യാപക നിയമനവും, വിദ്യാർത്ഥി പ്രവേശനവും ഉദ്യോഗാർത്ഥിയുടെയും പ്രവേശനാർത്ഥി

പത്രാധിപസമിതി

ചെയർമാൻ വി. നാരായണൻകുട്ടി, പത്രാധിപർ വി. എൻ. മുരളി

അംഗങ്ങൾ

പി. നരേന്ദ്രൻ, എസ്. വിശ്വനാഥൻ, ടി. ഗോപാലകൃഷ്ണൻ, കെ. സുകുമാരൻ നായർ, കെ. പി. ദിവാകരൻ യായർ, നെല്ലിക്കൽ മുരളി, എൻ. എൻ. ആനന്ദൻ, ആർ. മോഹന കൈമൾ, ഡോ. എ. റസലുദീൻ, കവടിയാർ രാമചന്ദ്രൻ, തോമസ് ജോർജ്, ചന്ദ്രബാബു

യുടെയും പേഴ്സിൻെറ കനത്തിൻെറ അടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നത് എന്ന വസ്തുത സുവിദിതമാണ്. കഴിവും യോഗ്യതയും അർഹതയുമൊന്നുമല്ലല്ലോ ഇവിടെ പ്രധാനം! വിദ്യാർത്ഥികൾ പഠിച്ചില്ലെങ്കിലെന്ത്, തങ്ങൾക്ക് താല്പര്യമുള്ള, യോഗ്യത കുറഞ്ഞ സ്വന്തക്കാരനെ നിയമിക്കുന്നതിനു വേണ്ടി, യോഗ്യതയുള്ളവരെ യഥാസമയം നിയമിക്കാതെ, മാസങ്ങളോളം ഒഴിവുകൾ നികത്താതെ നില നിർത്തുന്നതിന് മടിയില്ലാത്ത മാനേജർമാർ ഇവിടെ ധാരാളമുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനത്തെ വിവിധ സ്വകാര്യകോളേജുകളിൽ നടന്നിട്ടുള്ള അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ വഴിയും വിവിധ കോഴ്സുകളിലേക്കുള്ള വിദ്യാർത്ഥി പ്രവേശനം വഴിയും കോടിക്കണക്കിന് രൂപ മാനേജ്മെൻറുകൾ സമാഹരിച്ചിട്ടുണ്ട്. ഇങ്ങനെ സംഭരിച്ച വൻതുക, വിദ്യാർത്ഥികളുടെ പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള കോളേജ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം മാനേജ്മെൻറുകൾ, എത്രതുക വീതം ? ഇല്ലെങ്കിൽ?....ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുമ്പോളാണ് ഇവിടത്തെ സ്വകാര്യ കോളേജ് മാനേജർമാർ നടത്തുന്ന കൊള്ളയുടെയും അഴിമതിയുടെയും ചിത്രം വ്യക്തമാകുന്നത്; അവർ നടത്തുന്ന സേവനത്തിൻെറ പൊരുൾ മനസ്സിലാകുന്നത്.

കോർപ്പറേററ് മാനേജ്മെൻറുകളെ സംബന്ധിച്ചിടത്തോളം അധ്യാപകരുടെയും അനധ്യാപകരുടെയും സ്ഥലം മാററവും ആദായകരമായ ഒരു ഏർപ്പാടാണ്. ഈ മാനേജ്മെൻറുകളുടെ കീഴിലുള്ള കോളേജുകളിൽ സ്ഥലം മാററങ്ങൾക്ക് വ്യക്തമായ മാനദണ്ഡങ്ങളൊന്നുമില്ല. ഇവിടങ്ങളിൽ സ്ഥലം മാററങ്ങൾ നടത്തപ്പെടുന്നത് അക്കാദമിക് താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയോ കോളേജുകളുടെ സുഗമമായ നടത്തിപ്പിനു വേണ്ടിയോ അല്ല, മറിച്ച്, ധനസമ്പാദനത്തിനും തങ്ങൾക്കിഷ്ടമുള്ളവരെ തലോടുന്നതിനും ഇഷ്ടമില്ലാത്തവരെ തല്ലുന്നതിനും, 'പാഠം പഠിപ്പിക്കുന്ന'തിനു വേണ്ടിയാണ്.

ഈ ദുസ്ഥിതി തുടരാൻ പാടില്ല. അധ്യാപകർ ഇതിനെതിരെ ശക്തിയായി പ്രതികരിക്കേണ്ടിയിരിക്കുന്നു. ഭരണഘടന നല്കിയിട്ടുള്ള ആനുകൂല്യം ആചന്ദ്രതാരം അഴിമതികാട്ടാനുള്ള ലൈസൻസാകാൻ പാടില്ല.

# യു. ജി. സി സ്കെയിൽ നടപ്പാക്കുന്നതു സംബന്ധിച്ച് കേരളസർക്കാരിനു സമർപ്പിച്ച മെമ്മോറാണ്ടം.

No. 17/87-88

Trivandrum,
12. 10. 1987

The Hon' chief Minister / Minister for Education, Government of Kerala.

Sir,

Sub: Implementation of Fourth U. G. C. pay scales in Universities and Colleges initiation of correspondence with Government of India and the University Grants Commission- reques for

The month-long struggle launched in Kerala Jointly by the AKPCTA & AKGCT at the call of AIFUCTO was with drawn on 4. 9 1987 The Government of india held a series of discussions with the leaders of AIFUCTO and assured them that it would continue to do its best to persuade all state governments to accept the scheme and implement it from 1. 1. '86 A copy of the agreement reached between the leaders of AIFUCTO and the Government of India is attached for your information.

The leaders of the AIFUCTO were assured that the Government of India will give liberalized grants to those states wich are in real financial difficulty, to enable them to implement the UGC scales. This was in conformity with the statement made by the Hon. Minister of Human Resources Development in both the houses of parliament while intervening in the debate on this issue.

The conditions relating to the UGC schemes have been substantially relaxed as a result of the agitation though they don't fully meet tne expectations of the teachers at large.

In this respect we would like to bring to your attention the observation made by the Mehrotra Committee. The committee observed that the bulk of post Graduate teaching in India is conducted in the affiliated colleges and not in the University Departments. Therefore, the case of affiliated colleges must be there when any attempt at qualitatively improving the field of higher learning is thoughet of.

It may also be pointed out in th i connection that the Left Democratic Front Government in 1981, accepted in principle the UGC scales at the end of a prolonged struggle by the teachers in the state. A copy of the agreement is attached for favour of ready reference.

It is also worth while to remember that all important commissions on education have emphasised the need for offering the most attractive scales and service conditions in order to attract the best talents to the field of education. It is in the light of this expert opinion that we demand the implementation of the UGC schemes in the state. We hope that the implementation of the same would bring about radical improvements in the field of higher learning

During the struggle the Left Democratic Front declared its support to the teach-



117

ers' agitation for UGC scales and the. Chief Minister also in his Telex message to the Central Government urged the latter to sanction 100% financial assistance to implement the UGC scales for University and College teachers in the state.

Now that the Central Government has unequivocally stated that the question of grant is negotiable between the Centre and the State and that a considerable liberalization has been effected in the scheme, we feel that the time has come for the state government to take the initiative for the implementation of the UGC scales in the state.

Hence we repuest you to be good enough to take up the matter with the Central Government and the Ueiversity Grants Commission so that the UGC scales are implemented in this state as with the rest of the country.

We remain,

Yours faithfully.
Prof: P. Narendran
General Secretary.

# *അറിയിപ്പുകൾ*

## മെമ്പർഷിപ്പ് ഫീ, ആക്ഷൻ ഫണ്ട്

മെമ്പർഷിപ്പ് ഫീയും (30.ക) ആക്ഷൻ ഫണ്ടും (10.ക) ഇതുവരെ അയച്ചുകൊടുക്കാത്ത കോളേജുകളിൽ നിന്നും ഈ മാസം തന്നെ അവ പിരിച്ച് ട്രഷറർക്ക് അയച്ചുകൊടുക്കുന്ന കാര്യം ബ്രാഞ്ചു സെക്രട്ടറിമാർ ശ്രദ്ധിക്കണം. ബാങ്കുകൾ ഒരു ചെക്കിന് 10 ക. കളക്ഷൻ ചാർജ്ജ് എടുക്കുന്നുണ്ട്. ഈ നഷ്ടം ഒഴിവാക്കാൻ പണം ഡ്രാഫ്ററായി അയക്കണമെന്ന് പ്രത്യേകം ഓർമ്മിക്കുന്നു.

മേൽവിലാസം
Prof. S Viswanathan
Santhibhavan TC 15 337
Vellayambalam, Trivandium-10

## ജേർണൽ വരിസംഖ്യ

ജേർണൽ വരിസംഖ്യ അടച്ചു തീർക്കാത്ത ബ്രാഞ്ചുകൾ ഈ മാസം തന്നെ അംഗമൊന്നിനം 10ക കണക്കിന് മാനേജിംഗ് എഡിററർക്ക് അയച്ചു കൊടുക്കുന്ന കാര്യം ബ്രഞ്ച് സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കണം. പണം ഡ്രാഫ്ററായി അയക്കണമെന്ന് പ്രത്യേകം അഭ്യർത്ഥന.

വിലാസം
Prof K. P. Divakaran Nair
T. C 3/1206, Kesavadasapuram
Trivandrum-4 Phone-82489



## പി. കൃഷ്ണൻ നായർ അന്തരിച്ചു

ധനുവച്ചപുരം വി. ടി. എം. എൻ. എസ്. എസ്. കോളേജിലെ മാതമാററിക്സ് അധ്യാപകൻ ശ്രീ പി. കൃഷ്ണൻനായർ (39) സെപ്തംബർ 27-ാം തീയതി ഹൃദയസ്തംഭനം മൂലം അന്തരിച്ച വിവരം വ്യസനസമേതം അറിയിക്കുന്നു സംഘടനയുടെ ഒരു സജീവാംഗമായിരുന്ന ശ്രീ കൃഷ്ണൻ നായരുടെ സഹധർമ്മിണി ശ്രീമതി സുധർമ്മകുമാരിയാണ്, അവർക്ക് രണ്ട് ആൺകുട്ടികൾ ഉണ്ട്. ധനുവച്ചപുരം എൻ.എസ്. എസ്. കോളേജ് ബ്രാഞ്ചും ഒക്ടോബർ രണ്ടിന് കൂടിയ വർക്കിംഗ് കമ്മററിയും ശ്രീ. കൃഷ്ണൻനായരുടെ അകാല നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

# അഖിലേന്ത്യാ പണിമുടക്കും കേരളത്തിലെ കടലാസു സംഘടനകളും

[പ്രൊഫ. വി. നാരായണൻ കുട്ടി, പ്രസിഡൻറ് എ. കെ. പി. സി. ററി. എ]

കഴിഞ്ഞ ആഗസ്ററ് 4 നാരംഭിച്ച് 32 ദിവസം നീണ്ടു നിന്ന കോളേജ്-യൂണിവേഴ്സിററി അദ്ധ്യാപകരുടെ അഖിലേന്ത്യാ പണിമുടക്കു പിൻവലിക്കപ്പെട്ടപ്പോൾ കേരളത്തിലെ അദ്ധ്യാപക സംഘടനാ രംഗത്തെ ഗൗളികളും മൂട്ടുകുലുക്കിപക്ഷികളും വെട്ടിലായി. സർക്കസ്സിലെ വിദൂഷകരെപ്പോലെ സമരാഭ്യാസം നടത്തിവന്ന അവരിൽ ചിലർ തങ്ങളുടെ ബലൂൺ സംഘടനകളുടെ പൊള്ളത്തരം വെളിച്ചത്തു വരുമെന്ന പരിഭ്രാന്തിയിൽ ഉടൻ പിൻവാങ്ങുകയും പോകുന്നപോക്കിൽ പതിവുപോലെ നമ്മുടെ സംഘടനയ്ക്കുനേരെ ശകാരം ചൊരിയുകയും ചെയ്തു. അവകാശസമരകാലമത്രയും വരമ്പത്തിരുന്ന് ചിലപ്പോൾ കരിങ്കാലികളെ കൊക്കിലൊതുക്കി സംഘടന ശക്തിപ്പെടുത്താൻ ബകധ്യാനം നടത്തുകയും മററു ചിലപ്പോൾ യൗവ്വനം വിററുതീർന്ന തെരുവുവേശ്യയെപോലെ ആളുകളെ ആകർഷിക്കാൻ വാചകക്കസർത്ത് നടത്തുകയും ചെയ്ത ഒരു മുൻകാല നേതാവ് സമരകാലത്തെന്നപോലെ ശേഷവും നമുക്കുനേരെ തെറിവർഷം തുടർന്നു.

17–6–87 നു കേന്ദ്ര സർക്കാർ ഇറക്കിയ ശമ്പളപരിഷ്കരണ ഉത്തരവിന്റെ പൊരുൾ ഇവർക്കാർക്കും ഇതുവരെ മനസ്സിലായതായി തെളിവില്ല. ശമ്പളപരിഷ്കരണത്തിന്റെ മാരീച വേഷത്തിൽ സർക്കാർ മുന്നോട്ടു നീട്ടിയിരിക്കുന്നത് അദ്ധ്യാപകർക്കും അവരുടെ സംഘടനകൾക്കുമുള്ള കൈകാൽ വിലങ്ങുകളാണെന്ന് ഇവർക്ക് എന്നെങ്കിലും മനസ്സിലാകുമെന്നു തോന്നുന്നില്ല. അതുകൊണ്ടുതന്നെയാണ് പ്രസ്തുത ഉത്തരവിലെ അപാകതകൾക്കെതിരെ നടന്ന അഖിലേന്ത്യാപണിമുടക്കിന്റെ മുമ്പിലും അവർ അന്തംവിട്ടുനിന്നത്. കേരളമൊഴികെ മറെറല്ലാ സംസ്ഥാനങ്ങളിലും പരിപൂർണമായിരുന്ന ഈ പണിമുടക്ക് അവകാശസമര ചരിത്രത്തിൽ ഐഫക്ടോവിനും അതിലെ ഘടകസംഘടനകൾക്കും അഭിമാനകരമായ പുതിയൊരദ്ധ്യായം എഴുതിച്ചേർക്കുകയും ചെയ്തു.

നമ്മുടെമുൻനേതാവ് ആദ്യംവിലയിരുത്തിയത് അൻപതു ശതമാനത്തിൽ താഴെ അദ്ധ്യാപകരേ പണിമുടക്കുന്നുള്ളുവെന്നാണ്. അദ്ദേഹത്തിന്റെ ഒരു ചെണ്ടക്കാരൻ അത് 25 ശതമാനമായി പിന്നീടു തിരുത്തി. അഖിലേന്ത്യാ പണിമുടക്ക് ഒത്തുതീർപ്പിലെത്തിക്കാൻ കേന്ദ്രസർക്കാർ മുന്നോട്ടുവരാത്തതിൽ പ്രതിഷേധിച്ച് പാർലമെൻറിൽവാക്കൗട്ടു നടന്നതിനെയും പണിമുടക്കിനെത്തന്നെയും പരിഹസിച്ചുകൊണ്ട് മുൻനേതാവ് എഴുതി–കേരളത്തിലെങ്ങും സമരമില്ല സമരം പാർലമെൻറിലാണ്. തൊട്ടടുത്ത ദിവസം തന്നെ അദ്ദേഹം അദ്ധ്യാപക സമരം മൂലം ഉന്നത വിദ്യാഭ്യാസ രംഗത്തുളവായിട്ടുള്ള സ്തംഭനമൊഴിവാക്കാൻ സർക്കാർ മുന്നോട്ടു വരണമെന്ന് ഒരു പ്രസ്താവനയിറക്കുകയും

ചെയ്തു! ഇതിലേതാണ് സത്യസന്ധമായ വിലയിരുത്തലെന്ന് അദ്ദേഹം തന്നെപറയട്ടെ!

## സമരത്തിൻെറ നേട്ടങ്ങൾ

ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ അധ്യാപക സംഘടനകളുടെ വിപുലമായഭാവി സാധ്യതകളെ വിളംബരംചെയ്ത ഈ സമരം കേന്ദ്രസർക്കാരുമായുണ്ടാക്കിയ ഒത്തുതീർപ്പിൻെറ അടിസ്ഥാനത്തിൽ വ്യക്തമായ നേട്ടങ്ങളുണ്ടാക്കിക്കൊണ്ടുതന്നെയാണ് അവസാനിച്ചത്.

1. പ്രഖ്യാപിത ശമ്പളപരിഷ്കരണം വെട്ടിക്കുറക്കാതെതന്നെ 1–1-86 മുതൽ നടപ്പിലാക്കുവാൻ എല്ലാ സംസ്ഥാന സർക്കാരുകളുടെയും മേൽ പരമാവധി സമ്മർദ്ദം ചെലുത്താമെന്നു കേന്ദ്ര സർക്കർ ഉറപ്പുതന്നിട്ടുണ്ട്.

2. നാം ആവശ്യപ്പെട്ടതുപോലെ ഗ്രേഡുകളുടെ എണ്ണം കുറച്ചുകൊണ്ട് ലക്ച്ചറർ സെലക്ഷൻ ഗ്രേഡ്, റീഡറുടെ രണ്ടു സ്കെയിലുകൾ എന്നിവ സംയോജിപ്പിച്ച് ഒററ സ്കെയിലാക്കി. ഇതുകൊണ്ട് പരമാവധി ശമ്പളത്തിൽ 400കയുടെ വർധനവുണ്ടായിട്ടുണ്ട്.

3. എല്ലാ കോളേജുകളിലും റീഡർ തസ്തിക ഏർപ്പെടുത്തും.

4. രണ്ടാമത്തെ പ്രൊമോഷനു വേണ്ട സർവ്വീസ് ദൈർഘ്യം 20 വർഷത്തിൽ നിന്ന് 16 ആയി കുറച്ചിട്ടുണ്ട്.

5. പ്രൊമോഷനുള്ള കർക്കശ വ്യവസ്ഥകൾ ഉപേക്ഷിയ്ക്കപ്പെട്ടില്ലെങ്കിലും ഗവേഷണ– പ്രസിദ്ധീകരണരംഗത്ത് നേട്ടങ്ങളില്ലാത്തവർക്കും റീഡർ സ്കെയിലിനു അർഹതകിട്ടി.

6. പ്രൊമോഷൻ സംമ്പന്ധിച്ച നിയമാവലിയുണ്ടാക്കാൻ നിയുക്തമായ പഠനഗ്രൂപ്പിൽ ഐഫക്ടോവിനു നിർണ്ണായകപ്രാതിനിത്യം അനുവദിക്കപ്പെട്ടു.

7. അവശേഷിക്കുന്ന അപാകതകളെക്കുറിച്ചു ചർച്ച ചെയ്യുവാൻ കേന്ദ്രസർക്കാർ യു. ജി. സി ചെയർമാനെ നിയമച്ചിട്ടുണ്ട്.

8, എം.ഫിൽ,പി.എച്ച്.ഡി. ബിരുദധാരികൾക്ക് പ്രോത്സാഹന ഇൻക്രിമെൻറ് അനുവദിയ്ക്കാൻ തീരുമാനമായി.

സമരത്തിൻെറ ശക്തിയും വ്യാപ്തിയുമായി തട്ടിച്ചു നോക്കുമ്പോൾ ഈ നേട്ടങ്ങൾ അപര്യാപ്തം തന്നെ. തന്നെയുമല്ല ഒത്തുതീർപ്പ് ചർച്ചാവേളയിൽ അഖിലേന്ത്യാ നേതൃതചം കാണിച്ച സംശയകരമായ ധൃതിയും പ്രകടമായ പിടിപ്പുകേടും നമുക്ക് വിഷമവും അമർഷവുമുണ്ടാക്കിയിട്ടുണ്ട്. എങ്കിലും അഖിലേന്ത്യാസമരങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രസക്തിയും അത്തരം സമരങ്ങൾനടത്താനുള്ള ഐഫക്ടോവിൻെറ തെളിയിക്കപ്പെട്ട ശക്തിയും കണക്കിലെടുത്ത് ഈ അഖിലേന്ത്യാ സംഘടനയെ അവിചരിന്നം സംരക്ഷിയ്ക്കണമെന്ന് നിർബന്ധമുള്ളതുകൊണ്ടാണ് നാം ദേശീയനിർവ്വഹണസമിതിയുടെ തീരുമാനംമാനിച്ച് സമരരംഗത്തുനിന്നു പിൻമാറിതയ്. ഐഫക്ടോ പ്രഖ്യാപിച്ച ഈ സമരം ഐഫക്ടോ നിർദ്ദേശിക്കുമ്പോൾ പിൻവലിക്കുമെന്നു നാം നേരത്തെ തന്നെ തീരുമാനിച്ചിരുന്നതാണ്, ഇതാണ് നിജസ്ഥിതിയെന്നിരിയ്ക്കെ സങ്കുചിത രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി സമര

രംഗത്തുവന്നവരും കലങ്ങിയ വെള്ളത്തിൽ മീൻപിടിയ്ക്കാൻ വന്നവരും നമ്മോടെന്തിന് പരിഭവിയ്ക്കണം?

## എന്തുകൊണ്ട് അഖിലേന്ത്യാസമരം

നാം മാർക്സിസ്ററ് പാർട്ടിക്കും നായനാർ ഗവൺമെൻറിനും വേണ്ടി കേന്ദ്ര വിരുദ്ധ സമരം നടത്തുകയാണെന്നാണ് സിന്തററിക് റബ്ബർനാവുള്ള മുൻ നേതാവ് ആദ്യം തട്ടിവിട്ടത്. എന്നാൽ അഖിലേന്ത്യാ സമരംആളിപ്പടർന്നപ്പോൾ സമരം അനവസരത്തിലാണെന്നും എന്നോടാലോചിച്ചിട്ടില്ലെന്നുമായി നേതാവിൻെറ പരാതി. മൂട്ടുകുലുക്കിപക്ഷിയോടാലോചിയ്ക്കാതെ ഭൂമി ചലിക്കുമോ! സമരം പിൻവലിച്ചപ്പോൾ ഐഫക്ടോ മുഷ്ക്കൻമാരെന്നു നമ്മെ ശകാരിക്കുന്നു. ഐഫക്ടോ തീരുമാനമവഗണിച്ച നാം സമരം തുടരേണ്ടിയിരുന്നവെന്നാണ് നേതാവിൻെറ മനസ്സിലിരിപ്പെന്നു തോന്നുന്നു ഐഫക്ടോവായാലും എ. കെ. പി. സി. ടി. എ യായാലും എല്ലാം ഭാഗ്യാന്വേഷണത്തിന്നുള്ള ഏണിപ്പടികളാണെന്നു അദ്ദേഹം ഉദാഹരിച്ചു തന്നതല്ലേ?

യു. ജി. സി. സ്കെയിൽ നടപ്പിലാക്കേണ്ടതു കേന്ദ്രമല്ല, കേരള സർക്കാറാണ്. അതുകൊണ്ട് സമരം നടത്തേണ്ടത് കേരള സർക്കാറിനോടാണ്. ആദ്യം സ്കെയിൽ വരട്ടെ അതിലെ വ്യവസ്ഥകളുടെ കാര്യം പിന്നെ നോക്കാം എന്നു വിധിച്ച അദ്ദേഹം ശമ്പള പരിഷ്ക്കരണ വ്യവസ്ഥകളെ നാം പെരുപ്പിച്ചു കാണിക്കുന്നുവെന്നു കുററപ്പെടുത്തുകയും ചെയ്യുന്നുണ്ട്. 1973 ലെ ശമ്പളപരിഷ്കരണത്തിലും എഫിഷ്യൻസി ബാറുണ്ടായിരുന്നില്ല. അതു പിന്നീടു നീക്കംചെയ്യപ്പെട്ടില്ലേ? എന്നുകൂടി ആ അനുഭവ സമ്പന്നൻ അനുസ്മരിച്ചപ്പോൾ എല്ലാവരുടെയും വായടഞ്ഞതുതന്നെ.

1973 ലുണ്ടായിരുന്ന എഫിഷ്യൻസിബാർ സ്വയം നീങ്ങിയതല്ലെന്നും ഐഫക്ടോവിൻെറ പ്രക്ഷോഭണത്തെത്തുടർന്ന് അത് പിൻവലിക്കപ്പെടുകയാണുണ്ടായതെന്നും നേതാവു മറന്നുപോയതാണോ? അന്ന് ആദ്യം നടന്നത് ഈ വ്യവസ്ഥ നീക്കിക്കിട്ടാനുള്ള അഖിലന്ത്യാ സമരമായിരുന്നുവെന്ന വസ്തുതയും ഓർക്കേണ്ടതല്ലേ?

ആദ്യം യു. ജി. സി. സ്കെയിലല്ല, അതു നടപ്പിലാക്കാനുള്ള വ്യവസ്ഥകളാണ് വരേണ്ടതെന്നാണ് 17-6-87 ൻെറ കേന്ദ്ര സർക്കാർ ഉത്തരവു പറയുന്നത് (ഓർഡറിൻെറ അനുബന്ധം 2 ൻെറ ആദ്യഭാഗം നോക്കുക) ഈ വ്യവസ്ഥകളിൽ നീക്കുപോക്കു വരുത്തുവാൻ കേന്ദ്രസർക്കാറിനു മാത്രമേ അധികാരമുള്ളുവെന്നും ഉത്തരവു വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് ആദ്യം നടപ്പിലാവുന്ന വ്യവസ്ഥകളിലെ അപാകതകൾക്കെതിരെയുള്ള സമരമാണ് ആദ്യം വേണ്ടതെന്നും ആ സമരം പ്രസ്തുത അപാകതകൾനീക്കംചെയ്യാനധികാരമുള്ള കേന്ദ്ര സർക്കാറിനെതിരെയാണ് വരേണ്ടതെന്നും വ്യക്തമല്ലേ?

നിർദ്ദിഷ്ട പ്രൊമോഷൻ വ്യവസ്ഥകളാകട്ടെ ഒട്ടേറെ രൂക്ഷ സമരങ്ങളിലൂടെ നേടിയെടുത്ത Seniority cum fitness, സർവ്വീസ് ദൈർഘ്യം എന്നീ പ്രൊമോഷൻ മാനദണ്ഡങ്ങളെ അപ്പാടെ നിഷേധിയ്ക്കുന്നവയാണ്. ഈ അദ്ധ്യാപക താൽപര്യവിരുദ്ധ വ്യവസ്ഥകൾ ഉൾപ്പെടുത്തി ആദ്യം സേവന

വ്യവസ്ഥകൾ ഭേഗതി ചെയ്യണമെന്നും അതിനുശേഷമേ ശമ്പള പരിഷ്കാരം നടപ്പിൽ വരികയുള്ളുവെന്നുമിരിക്കെ ആദ്യം സ്കെയിൽ വരട്ടെ വ്യവസ്ഥകളുടെ കാര്യം പിന്നെ നോക്കാം എന്ന കേരളത്തിലെ ചില അദ്ധ്യാപക സംഘടനകളുടെയും മുൻ നേതാവിൻെറയും നിലപാട് അദ്ധ്യാപക താൽപര്യത്തെ വഞ്ചിക്കാനുള്ളതാണെന്നു വ്യക്തമാണല്ലൊ.

## ഗ്രേഡുകൾ കുറഞ്ഞുപോയതിൽ നേതാവിന് ദുഃഖം.

സമരത്തെ തുടർന്നുണ്ടായ ഒത്തു തീർപ്പനുസരിച്ച് ഗ്രേഡുകളുടെ എണ്ണം കുറഞ്ഞുപോയതിൽ മുൻ നേതാവിനു ദുഃഖം. വിശേഷിച്ചും തനിയ്ക്കെന്തുകൊണ്ടും നേടാൻ കഴിയുമായിരുന്ന എമിരിററസ് പ്രൊഫസർ തസ്തിക വേണ്ടെന്നു വയ്ക്കുന്നത് അദ്ദേഹം എങ്ങനെ സഹിയ്ക്കും? ഇതദ്ദേഹത്തിനു നിഷേധിക്കാൻ വേണ്ടിയല്ലേ ചർച്ചാവേളയിൽ മററു പലതും മറന്നുപോയ അയ്ഫക്ടോ നേതാക്കൾ ഇക്കാര്യത്തിൽ നിർബന്ധംപിടിച്ചത്? ഈ ഉയർന്ന തസ്തികയ്ക്കർഹതയുള്ള ഇന്ത്യയുടെ ഒരു അദ്ധ്യാപക നേതാവും അദ്ദേഹത്തിൻെറ ഈ വ്യക്തിദുഃഖം പങ്കുവയ്ക്കുമെന്നു തോന്നുന്നില്ല.

വിവിധ ഗ്രേഡുകളും അവയോരോന്നിലും ശമ്പളനിർണ്ണയത്തിലുണ്ടാകുന്ന പല പല ജമ്പുകളും സ്വപ്നം കാണുന്നവർക്ക് ഓരോ പ്രൊമോഷനും മേലധികാരികളുടെ കാൽ കഴുകിയൂട്ടേണ്ട അദ്ധ്യാപകൻെറ ഗതികേടിനെക്കുറിച്ച് വേവലാതിയില്ല. പ്രൊമോഷൻ സാദ്ധ്യതകളുടെ തിളക്കം കാണിച്ച് അദ്ധ്യാപകനെ സർവ്വീസിലുടനീളം മേലധികാരികളുടെ മേശക്കാലിൽ കെട്ടാനുള്ള നീക്കം, സംഘടനാ ബോധത്തെ വിടുക, യാഥാർത്ഥ്യ ബോധമുള്ള ഒരദ്ധ്യാപക സംഘടനയ്ക്കും അംഗീകരിയ്ക്കാനാവില്ല. എന്നാൽ പാദസേവാ പടുത്വം കൊണ്ട് എല്ലാം നേടിയെടുക്കാമെന്ന ആത്മവിശ്വാസമുള്ളവർക്ക് ഇതൊന്നും പ്രശ്നമല്ല, അത്തരക്കാരാവില്ലല്ലോ സംഘടനാനേതാക്കൻമാർ.

## സമരകാലത്തെ ശമ്പളക്കാര്യം

സമരകാല ശമ്പളം ഒരിയ്ക്കലും നാം വലിയൊരു പ്രശ്നമാക്കെടുത്തിരുന്നില്ല. നിലവിലുള്ള നിയമമനുസരിച്ച് ശമ്പളം നഷ്ടപ്പെടുമെന്നു പറഞ്ഞുകൊണ്ടുതന്നെയാണ് നാം അദ്ധ്യാപകരെ സമര സജ്ജരാക്കിയത്. സമരം പിൻവലിച്ചതിനു ശേഷം യു ജി.സി. സ്കെയിൽ നടപ്പാക്കുന്നതു സംബന്ധിച്ച് ആദ്യ നടപടികളാരംഭിക്കണെമെന്ന് കേരള സർക്കാരിനു നിവേദനം കൊടുത്ത കൂട്ടത്തിൽ സമരകാലത്തു വിദ്യാർത്ഥികൾക്കു വന്ന അധ്യയന നഷ്ടം നികത്തിക്കൊടുക്കാൻ നാം പ്രതിജ്ഞാബദ്ധരാണെന്ന് സർക്കാറിനെ അറിയിക്കുകയും സമരകാലത്തെ ശമ്പളം നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തതു നേരാണ്. മുൻകാലങ്ങളിൽ നിന്നു വ്യത്യസ്തമായി ഇങ്ങനെ ചെയ്യാൻ നമ്മെ പ്രേരിപ്പിച്ചത് ഡൈസ്നോൺ പിൻവലിയ്ക്കുമെന്ന ഇന്നത്തെ സർക്കാരിൻെറ പ്രഖ്യാപിത നയം തന്നെയാണ്. ഇതനുവദിച്ചു തന്ന സർക്കാർ ഡൈസ്നോൺ പിൻവലിക്കുന്നതിൽ ഒരു പടികൂടി മുന്നോട്ടുപായി അതിൻെറ യശസ്സു വർദ്ധിപ്പിക്കുകയും നമുക്കാശ്വാസം പകരുകയും ചെയ്തു.

ഇതു സംബന്ധിച്ചുള്ള ഉത്തരവിറങ്ങുവാൻ അൽപ്പം താമസിച്ചപ്പോൾ സമരം ചെയ്തവരോടുള്ള വാത്സല്യാതിരേകം മുൻ നേതാവിനെ അക്ഷമനാക്കി. തിരുവനന്തപുരത്ത് വിവിധ പാർട്ടി ഓഫീസുകൾ കയറിയിറങ്ങി സമരക്കാർക്ക് ഡൈസ്നോൺ ബാധകമാക്കുവാൻ പരമാവധി സമ്മർദ്ദം ചെലുത്തിയ അദ്ദേഹം പയ്യന്നൂരിൽ തിരിച്ചെത്തി ചോദിക്കുകയാണ് ഡൈസ്നോൺ പിൻവലിച്ചുകൊണ്ടുള്ള ഉത്തരവെവിടെ? സമരകാല ശമ്പളത്തെക്കുറിച്ച് നാം നിവേദനം നൽകിയതിനെക്കുറിച്ച് ശമ്പളം ഒപ്പിച്ചെടുക്കാൻ ശ്രമിച്ചുവെന്ന് ചിലർ നമ്മെ കുററപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ ചെയ്തതിൽ നാം തെററൊന്നും കാണുന്നില്ല. അവരും അങ്ങിനെ കരുതുന്നുണ്ടെന്നു തോന്നുന്നില്ല. ഉണ്ടെങ്കിൽ ഉടനെ സമരം പിൻവലിയ്ക്കുന്ന പക്ഷം ഈ സർക്കാർതീരുമാനം ബാധകമായിരിക്കുമെന്ന് മന്ത്രി പ്രഖ്യാപിച്ചപ്പോൾ അവരാരും തന്നെ ആഹമഹമിഹയാ സമരം പിൻവലിയ്ക്കാൻ മുന്നോട്ടു വരുമായിരുന്നില്ല.

നാം സമരത്തെ പിന്നിൽ നിന്നു കുത്തിയെന്നും അദ്ധ്യാപക സമൂഹത്തെ വഞ്ചിച്ചുവെന്നും മററും കത്തുന്ന ഭാഷയിൽ പ്രസ്താവനകൾ ഇറങ്ങിയിട്ടുണ്ട്. അവയത്രയും അടിസ്ഥാന രഹിതമാണ്. ഈ സമരം സംബന്ധിച്ച് കേരളത്തിലെ ഇതര കോളേജദ്ധ്യാപക സംഘടനകളുമായി എന്നെങ്കിലും ചർച്ച ചെയ്യുകയോ എന്തെങ്കിലും ധാരണയിലെത്തുകയോ ഉണ്ടായിട്ടില്ല. പുത്തൻ വിദ്യാഭ്യാസനയത്തിൻെറ വൈതാളികരായ അവരിൽ പലർക്കും ഈ സമരം രുചിക്കില്ലെന്നു നമുക്കറിയാമായിരുന്നു. പിന്നെ അദ്ധ്യാപക സമൂഹത്തെ വഞ്ചിച്ചുവെന്ന ആരോപണമാണ്. അദ്ധ്യാപകരെ കൂച്ചു വിലങ്ങിടുന്നതിനെതിരെ പൊരുതിയ നമ്മളോ അതു കണ്ടില്ലെന്നു നടിച്ച് സങ്കുചിത രാഷ്ട്രീയ സമരം നടത്തിയ അവരോ ആരാണ് വഞ്ചന കാണിച്ചതെന്ന് അദ്ധ്യാപക സമൂഹം വിലയിരുത്തിക്കൊള്ളും.

## ഇനി എന്ത്?

കേരളത്തിൽ 4–ാം യു. ജി. സി. ശമ്പള നിരക്കുകൾ നടപ്പിലാക്കി കിട്ടുകയെന്നതു തന്നെയാണ് നമ്മുടെ ലക്ഷ്യം. ഇതു സംബന്ധിച്ചു നാം സർക്കാരിനു നിവേദനം സമർപ്പിച്ചു കഴിഞ്ഞു. കേന്ദ്ര സർക്കാറിൽ നിന്നു 4–9–87 ൻെറ ഒത്തുതീർപ്പു സംബന്ധിച്ചുള്ള പുതിയ നിർദ്ദേശങ്ങൾ ലഭിച്ചു കഴിഞ്ഞാൽ അദ്ധ്യാപക സംഘടനകളുമായി ചർച്ച ചെയ്ത് ഇതു സംബന്ധിച്ച തീരുമാനമെടുക്കാമെന്ന് സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര ധനസഹായം ഉദാരവല്ക്കരിക്കുന്നതു സംബന്ധിച്ച് വകുപ്പു മന്ത്രി പാർലമെൻറിൽ ചെയ്ത പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് കത്തിടപാടുകൾ ആരംഭിയ്ക്കണമെന്നും നാം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനിടയ്ക്ക് കേന്ദ്ര സർക്കാറുമായി ഫെഫക്ടോ നേതൃത്വം തുടരുന്ന ചർച്ചയിൽ നിന്നും കൂടുതൽ അപാകതാ നിവാരണമുണ്ടാകുമെന്നു നാം പ്രതീക്ഷിക്കുന്നുണ്ട്.

അഖിലേന്ത്യാ പണിമുടക്കിനു പിന്തുണ പ്രഖ്യാപിക്കുകയും സമരകാലത്തെ ശമ്പളം നൃവദിക്കുകയും വഴി സമരം ന്യായമായിരുന്നു വെന്ന് കേരള സർക്കാർ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ നമ്മുടെ നിലപാട് സു

വ്യക്തമാണ്. കേന്ദ്ര സർക്കാർ ഉത്തരവിലെ അപാകതകൾ പരിഹരിക്കാനുള്ള ശ്രമം അഖിലേന്ത്യാതലത്തിൽ തുടരുന്നതോടൊപ്പംതന്നെ അപാകതകൾ കുറച്ചെല്ലാം പരിഹരിക്കപ്പെട്ട രൂപത്തിൽ പ്രസ്തുത പദ്ധതി ഇതര സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതോടൊപ്പം തന്നെ കേരളത്തിലും നടപ്പിലാക്കിക്കിട്ടാനുള്ള എല്ലാ സമ്മർദ്ദ തന്ത്രങ്ങളും നാം തുടരും.

ഇടതുപക്ഷ മുന്നണി സർക്കാരിനെതിരെ നാം സമരം ചെയ്യാൻ അറച്ചു നില്ക്കുകയാണെന്ന് പറയുന്നവരുണ്ട്. അവർക്ക് നമ്മുടെ സംഘടനയുടെ ചരിത്രമറിയില്ല. നാം മുൻകാലങ്ങളിൽ നടത്തിയ ശക്തമായ സമരങ്ങളിൽ ഒട്ടുമുക്കാലും ഇവിടെ ഇടതുപക്ഷ ഭരണം നടക്കുന്ന കാലത്തായിരുന്നുവല്ലോ.

എന്തുകൊണ്ട് മററു സംഘടനകൾ നാലുഭാഗത്തുനിന്നും നമുക്കെതിരെ ശകാരവർഷം ചൊരിയുന്നു? അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് നമ്മെ പ്രകോപിപ്പിയ്ക്കാൻ ശ്രമിയ്ക്കുന്നു? അവർക്കറിയാം നമുക്കുമാത്രമേ ഏതു സമരവും എക്കാലത്തും വിജയിപ്പിയ്ക്കാൻ കഴിയുകയുള്ളുവെന്ന്, നമ്മുടെ പ്രവർത്തകൻമാർ കുപ്രചരണങ്ങളിൽ കുടുങ്ങാതെ അടിയുറച്ചു മുന്നോട്ടു പോയാൽ ഇത്തവണയും കേരളത്തിലെ സ്വകാര്യ കോളേജ് അധ്യാപകരുടെ പ്രതീക്ഷയ്ക്കൊത്തുയരുവാനും അവർ നമ്മിലർപ്പിച്ചിട്ടുള്ള വിശ്വാസം നീതീകരിക്കുവാനും നമുക്കു കഴിയുമെന്നു തീർച്ച. അപവാദ പ്രചരണ കോലാഹലങ്ങൾ നാം എത്രതവണ മുറിച്ചു കടന്നിട്ടുണ്ട്. ഓരോ പ്രാവശ്യവും അപവാദ വ്യവസായികൾക്കു തങ്ങൾ പറഞ്ഞതു വിഴുങ്ങേണ്ടി വന്നിട്ടില്ലേ? പതറാതെ മുന്നോട്ട്. അതാണ് നമ്മുടെ മുദ്രാവാക്യം.

---

# *വാർത്തകൾ*

## ഡോ. ജി. ബി. തമ്പി കേരള വി. സി.

ബനാറസ് ഹിന്ദുയൂണിവേഴ്സിററിയിലെ ഇംഗ്ലിഷ് പ്രൊഫസർ ഡോ. ജി. ബാലമോഹൻ തമ്പിയെ കേരളയൂണിവേഴ്സിററി വൈസ് ചാൻസലറായി നിയമിച്ചിരിക്കുന്നു. ചാർജ് എടുക്കുന്ന തീയതി മുതൽ നാലുവർഷക്കാലമായിരിക്കും ഉദ്യോഗ കാലാവധി. ഡോ. തമ്പി ചാർജ് എടുക്കുന്നതുവരെ ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയും കമ്മീഷണറുമായ എം എസ്. കെ. രാമസ്വാമി വൈസ് ചാൻസലറുടെ ചുമതല വഹിക്കും.

## Gandhiji University moves to new campus

The Gandhiji University moved in to its own office complex in Athirampuzha, 12 km from Kottayam on Gandhi Jayanthi day. Rs. 50 lakhs was spent on the new office complex, situated on the western end of 110 acres of land. Speaking at the inaugural function the chief minister Mr. E.K. Nayanar said that the Government was considering certain amendments in the Gandhiji university act. The Education minister Mr. K. Chandrasekharan said the Government had instructed the vice-chancellors of the Universites in the state to avoid delary in conducting examinations and declaring results, A calander, indicating the dates of examinations and Publication of results, would be published by each university.

(ശേഷം 23-ാം പേജിൽ)

# എ. കെ. പി. സി. ടി. എ.

## ഒക്ടോബർ 2 ന് ചേർന്ന വർക്കിംഗ് കമ്മററി തീരുമാനങ്ങൾ

1. നമ്മുടെ ഒരു സജീവാംഗവും ധനുവച്ചപുരം എൻ. എസ്. എസ്. കോളേജിലെ മാതമാററിക്സ് ലക്ചററുമായ ശ്രീ. പി. കൃഷ്ണൻനായരുടെ അകാല നിര്യാണത്തിൽ പ്രവർത്തകസമിതി അനുശോചനം രേഖപ്പെടുത്തി.

2. പണിമുടക്കു കാലത്ത് നഷ്ടപ്പെട്ട സാദ്ധ്യായ ദിവസങ്ങൾ രണ്ടാം ശനിയാഴ്ചയും പ്രഖ്യാപിത ഒഴിവു ദിവസങ്ങളും ഒഴികെയുള്ള ശനിയാഴ്ചകളിൽ പ്രവർത്തിയെടുത്ത് നികത്തിക്കൊള്ളാമെന്നുള്ള സംഘടനയുടെ ഉറപ്പ് പ്രാവർത്തികമാക്കാൻ എല്ലാ അദ്ധ്യാപകരും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ വിദ്യാർത്ഥികളോടും രക്ഷിതാക്കളോടും നമുക്കുള്ള കടപ്പാട് നിർവ്വഹിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. ശനിയാഴ്ചകൾ സാദ്ധ്യായ ദിവസങ്ങളാക്കാൻ പ്രിൻസിപ്പൽമാർ വിസമ്മതിക്കുന്ന കോളേജുകളിൽ എ. കെ. പി. സി. ടി. എ. ബ്രാഞ്ചു സെക്രട്ടറിമാർ 1983 മാർച്ച് 31വരെയുള്ള ശനിയാഴ്ചകൾ (രണ്ടാം ശനിയാഴ്ചയും പ്രഖ്യാപിത അവധി ദിവസങ്ങളും ഒഴികെ) സാദ്ധ്യായ ദിവസങ്ങളായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് എഴുതിക്കൊടുക്കേണ്ടതാണ്. രേഖാമൂലം ആവശ്യപ്പെട്ടിട്ടും അതിന് തയ്യാറാകുന്നില്ലെങ്കിൽ സർക്കാരിലേക്ക് പരാതി അയക്കണം. ഇക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചക്കും നാം തയ്യാറാകരുത്.

3. അഖിലേന്ത്യാ സമരത്തിന്റെ ഫലമായി കേന്ദ്രസർക്കാർ പല നിബന്ധനകളിലും അയവു വരുത്താൻ നിർബന്ധിതമായി തീർന്നു. സ്കെയിലുകളുടെ എണ്ണം ഗണ്യമായി കുറച്ചു എന്നുള്ളതും, 3700–5700 ശമ്പള സ്കെയിൽ അഫിലിയേററഡ് കോളേജുകൾക്കുകൂടി ബാധകമാക്കി എന്നതും നിസ്സാരമായ നേട്ടമല്ല. സ്കെയിലുകൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് നിശ്ചയിച്ചിരുന്ന ഗ്രാൻറ് വിഹിതം ചർച്ചക്ക് വിധേയമാണെന്ന് കേന്ദ്രമന്ത്രി ശ്രീ. നരസിംഹറാവു പാർലമെൻറിൽ നടത്തിയ പ്രഖ്യാപനവും നമ്മുടെ ലക്ഷ്യ പ്രാപ്തി ലഘൂകരിച്ചിരിക്കുന്നു കഴിഞ്ഞ സെപ്തംബർ നാലിന് കേന്ദ്ര മനുഷ്യ വിഭവ വികസന മന്ത്രാലയം പുറപ്പെടുവിച്ച പുതുക്കിയ സ്കീം സംബന്ധിച്ചുള്ള ഉത്തരവ് ഇനിയും ഉണ്ടായിട്ടില്ല. ഇന്ത്യയിൽ ഒരു സംസ്ഥാനത്തും 1986 ലെ യു. ജി. സി. ശമ്പളനിരക്കുകൾ നടപ്പാക്കപ്പെട്ടിട്ടുമില്ല. ഇതൊക്കെയാണെങ്കിലും കേരളത്തിൽ സെക്യിലുകൾ നടപ്പാക്കുന്നതിന് കേരളസർക്കാർ കേന്ദ്രസർക്കാരുമായും, യു. ജി. സി. യുമായും ബന്ധപ്പെട്ട് നടപടികൾ നീക്കണമെന്ന് പ്രവർത്തക സമിതി ഒരു പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ഇക്കാര്യം സംബന്ധിച്ച് നമ്മുടെ കൈവശമുള്ള രേഖകൾ ഉൾപ്പെടുത്തി സർക്കാറിന് ഒരു മെമ്മോറാണ്ടം കൊടുക്കുവാൻ തീരുമാനിച്ചു.

4. അഖിലേന്ത്യാടി സ്ഥാനത്തിൽ നടന്ന ഐതിഹാസിക സമരത്തേ ചെറുതാക്കി കാണിക്കാനും, താറടിക്കാനും സമരത്തിൽ പങ്കെടുത്ത അധ്യാപകരുടെ ആത്മവീര്യം കെടുത്തുവാനും കിണഞ്ഞു പരിശ്രമിച്ചു കൊണ്ടിരിക്കുന്ന 'എട്ടുകാലി മമ്മൂഞ്ഞ്'' കൂട്ടരെ തുറന്നു കാട്ടാനും അവരെ ഒററപ്പെടുത്താനും മുഴുവൻസ്വകാര്യകോളേജ് അധ്യാപകരും മുന്നോട്ടുവരണമെന്ന് പ്രവർത്തക സമിതി അഭ്യർത്ഥിച്ചു. പണിമുടക്കിൽ നിന്നു വേറിട്ടു നിന്നവർ കൂലിയെഴുത്തുകാരനായ സാഹിത്യക്കോമാളിയുടെ നേതൃത്വത്തിലുള്ള ശിങ്കിടിക്കൂട്ടം മാത്രമായിരുന്നു എന്നുള്ളത് ആർക്കാണറിവില്ലാത്തത്. അവർ ഒഴികെ മററെല്ലാവരും പണിമുടക്കിൽ പങ്കുചേർന്നിട്ടും, കേവലം 25% മാത്രമാണ് പണിമുടക്കിയതെന്നാണ് വായാടി ക്കൂട്ടത്തിൻെറ ഇപ്പോഴത്തേ കണ്ടുപിടുത്തം,

വ്യത്യസ്ഥമായ ആശയങ്ങൾ ഉന്നയിച്ചു കൊണ്ടായിരുന്നെങ്കിലും മററു സംഘടനകളെല്ലാം അഖിലേന്ത്യാ പണിമുടക്കിൽ പങ്കുചേർന്നവരാണ്. ആ സംഘടനകളുടെ പിന്നിൽ അണിനിരന്ന അധ്യാപകർക്കും നമ്മുടെ കാഴ്ചപ്പാടായിരുന്നു ശരി എന്ന് ബോധ്യമായിട്ടുണ്ട്. പററിയ തെററ് തിരുത്താനവർ തയ്യാറാവണമെന്ന് പ്രവർത്തകസമിതി ആവശ്യപ്പെടുന്നു.

5. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം (ഒക്ടോബർ 15 ന് ശേഷം) പ്രവർത്തക സമിതി അംഗങ്ങൾ ബ്രാഞ്ചുകൾ സന്ദർശിക്കുന്നതിനുള്ള പരിപാടി അംഗീകരിച്ചു. പരിപാടിയുടെ വിശദാംശങ്ങൾ ബ്രാഞ്ചുകൾക്ക് മുൻകൂട്ടി അറിവ് നൽകുന്നതാണ്. നിശ്ചയിച്ച തീയതിക്ക് ബ്രാഞ്ചു യോഗങ്ങൾ വിളിച്ചു കൂട്ടാൻ ബ്രാഞ്ചു സെക്രട്ടറിമാർ ശ്രദ്ധിക്കണം.

6. മെമ്പർഷിപ്പു അടയ്ക്കേണ്ട അവസാന തീയതി 1987 നവംബർ 15 വരെ നീട്ടാൻ തീരുമാനിച്ചു. മെമ്പർഷിപ്പ് ആഗസ്ററിനു മുൻപ് പൂർണ്ണമായും എത്തിക്കണമെന്നായിരുന്നു ജൂൺ 6,7 തീയതികളിൽ ആലുവായിൽ ചേർന്ന സംസ്ഥാന കമ്മിററി തീരുമാനം. പക്ഷേ പല ബ്രാഞ്ചുകളും ഈ തീരുമാനം നടപ്പിലാക്കിയിട്ടില്ല. അതുപോലെ തന്നെ സമരഫണ്ട് പല ബ്രാഞ്ചുകളിൽ നിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. ഈ സമരവുമായി ബന്ധപ്പെട്ട് ബ്രാഞ്ചുകൾക്ക് ഗണ്യമായ സംഖ്യ ചെലവഴിക്കേണ്ടതായി വന്നു എന്ന വസ്തുത വിസ്മരിക്കുന്നില്ല. പക്ഷേ സമര സമിതിക്ക് വലിയ ഒരു തുക ചെലവാക്കേണ്ടിവന്നു എന്ന വസ്തുത നില നിൽക്കുന്നു. ആഗസ്ററ്, സെപ്ററംബർ മാസത്തെ ശമ്പളത്തിൽ നിന്ന് മെമ്പർഷിപ്പും സമരഫണ്ടും പിരിച്ച്, ബ്രാഞ്ചുകൾ സന്ദർശിക്കാനെത്തുന്ന പ്രവർത്തക സമിതി അംഗങ്ങളെ ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

7. നമ്മുടെ സംസ്ഥാനം ഇന്ന് ഒരു വരൾച്ചയുടെ പ്രതിസന്ധിയിലാണ്. വരൾച്ച ദുരിതാശ്വാസത്തിനായി ഓരോ അധ്യാപകനും ഒരു ദിവസത്തെ ശമ്പളം സംഭാവനയായി നൽകണമെന്ന് സെപ്ററംബർ 12 ന് ചേർന്ന സ്റ്റേററ് കൗൺസിൽ തീരുമാനിക്കുകയുണ്ടായി. മുഖ്യമന്ത്രിയുടെ അഭ്യർത്ഥന എല്ലാ കോളേജുകളിലും

എത്തിക്കഴിഞ്ഞിരിക്കുമല്ലോ. മുഴുവൻ അധ്യാപകരും ഈ സംരംഭത്തിൽ പങ്കാളികളാകാനാവശ്യമായ പ്രചരണം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. അതുകൂടാതെ എ. കെ. പി. സി. ടി. എ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 10000 രൂപാ സംഭാവന നൽകാൻ പ്രവർത്തക സമിതി തീരുമാനിച്ചു. ഇതിലേക്ക് ഓരോ ബ്രാഞ്ചും 100 രൂപയിൽ കുറയാത്ത തുക കഴിയുന്നത്ര വേഗം സംസ്ഥാന ട്രഷററുടെ പേരിൽ അയച്ചു കൊടുക്കണം. ഒരു ദിവസത്തെ വേതനം കോളേജുകളിൽ കൊടുക്കുന്നതിനു പുറമേ ആയിരിക്കണം ഈ സംഭാവന.

8. എ. കെ. പി. സി. ടി. വെൽഫെയർ ട്രസ്ററിൽ പരമാവധി അധ്യാപകരെ അംഗങ്ങളാക്കാനുള്ള നടപടികൾ ബ്രാഞ്ചുകൾ സ്വീകരിക്കണം. വെൽഫെയർ ട്രസ്ററിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബാധ്യത ഓരോ വർഷവും അധികരിച്ചുകൊണ്ടിരിക്കയാണ്. ഏതാണ്ട് ഒന്നര ലക്ഷത്തോളം രൂപ സംഘടന വെൽഫെയർ ട്രസ്ററിന് നൽകിക്കഴിഞ്ഞിട്ടുണ്ട്.

9. പ്രൈവററ് കോളേജ് ടീച്ചറിൻെറ വരി സംഖ്യ കുടിശിക വരുത്തിയിട്ടുള്ള ബ്രാഞ്ചുകൾ കഴിയുന്നത്ര വേഗം അത് തീർത്ത് അടയ്ക്കാൻ അഭ്യർത്ഥിക്കുന്നു.

10. അന്തർ സർവ്വകലാശാലാ സ്ഥലം മാററം തടയുന്ന ഗാന്ധിജി സർവ്വകലാശാലാ നിയമത്തിലെ 68ാം വകുപ്പ് നടപ്പിൽ വരുത്തണമെന്ന് ആവശ്യപ്പെട്ട് നാം കേരളാ ഹൈക്കോടതിയിൽ കൊടുത്തിരുന്ന കേസ്സിൽ കഴിഞ്ഞ 28 ാം തീയതി നമുക്കനുകൂലമായ വിധി ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. മൂന്നുമാസത്തിനകം എൻ. എസ് എസ്. മാനേജ്മെൻറ് മൊത്തം അധ്യാപകരുടെ സീനിയോറിട്ടി ലിസ്ററ് തയ്യാറാക്കി അധ്യാപകരിൽ നിന്ന് ഓപ്ഷൻ വാങ്ങി അലോട്ട്മെൻറ് നടത്തണമെന്നാണ് ഹൈക്കോടതി വിധി. ഗാന്ധിജി സർവ്വകലാശാലാ മേഖലയിൽ നിന്നും ഒരധ്യാപകനേയും മറെറാരു സർവ്വകലാശാലാ മേഖലയിലേക്ക് ഇനി മേലിൽ സ്ഥലം മാററി ശിക്ഷിക്കാനാവില്ല. അധ്യാപകൻ മാനേജ്മെൻറിൽ നിന്നും സ്വതന്ത്രനാകുന്നതിൻെറ തുടക്കം കുറിക്കലാണിത്.

ഗാന്ധിജി സർവ്വകല ശാലാ നിയമത്തിലെ 68-ാം വകുപ്പിന് തുല്യമായ കേരള—കാലിക്കട്ട് സർവ്വകലാശാലാ നിയമങ്ങൾ പ്രാബല്യത്തിൽ വരുത്താൻ സർക്കാരിനും, സർവ്വകലാശാലകൾക്കും നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മറെറാരു കേസ്സും ഹൈക്കോടതിയിൽ കൊടുത്തിട്ടുണ്ട്.

11. സ്വകാര്യ കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനം, അധ്യാപക നിയമനം എന്നീ കാര്യങ്ങളിൽ ഇന്നു നടക്കുന്ന വ്യാപകമായ അഴിമതി അവസാനിപ്പിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. ഓരോ കോളേജിലേയും രക്ഷകർത്താക്കളുടെ യോഗം വിളിച്ചുകൂട്ടി ഇക്കാര്യം വിശദീകരിക്കേണ്ടതാണ്. രക്ഷകർത്താക്കളുടെയും. വിദ്യാർത്ഥികളുടെയും സഹായത്തോടുകൂടി അഴിമതി നിർമ്മാർജ്ജനത്തിനായുള്ള നടപടികൾ സ്വീകരിക്കണം. സ്വകാര്യ വിദ്യാഭ്യാസ

മേഖലയിലെ അഴിമതികൾ അവസാനിപ്പിക്കാൻ ഏഴ് അധ്യാപക സംഘടനകൾ നടത്തുന്ന സമരത്തോട് നമ്മളും സഹകരിക്കണം.

12. വർക്കല എസ്. എൻ. കോളേജിലെ ശ്രീ. ചന്ദ്രബാബുവിനെ കേരള പ്രൈവറ്റ് കോളേജ് ടീച്ചറിന്റെ എഡിറ്റോറിയൽ ബോർഡിലേയ്ക്ക് നോമിനേറ്റ് ചെയ്തു.

പി. നരേന്ദ്രൻ
ജനറൽസെക്രട്ടറി

---

# ഗാന്ധിജി സർവ്വകലാശാലയിൽ 68ാം വകുപ്പ് നടപ്പിലാക്കണമെന്ന് ഹൈക്കോടതി വിധി

ഗാന്ധിജി സർവ്വകലാശാലാ നിയമത്തിലെ 68-ാം വകുപ്പ് നടപ്പിൽ വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എ. കെ. പി. സി. ടി. എ. ജനറൽ സെക്രട്ടറി പ്രൊഫ. പി. നരേന്ദ്രൻ, എൻ. എസ്. എസ്, കോളേജ് ടീച്ചേഴ്സ് കോർഡിനേഷൻ കൗൺസിൽ പ്രസിഡന്റ് ഡോ. പി എസ് പണിക്കർ, ചങ്ങനാശ്ശേരി, എൻ എസ്. എസ്, ഹിന്ദുക്കോളജിലെ ഫിസിക്സ് പ്രൊഫസർ കെ. കെ. ഗോപാലകൃഷ്ണപിള്ള എന്നിവർ ചേർന്ന് ഹൈക്കോടതിയിൽ അഡ്വക്കേറ്റ് പി. ഗോപാലകൃഷ്ണൻ നായർ വഴി ഫയൽ ചെയ്തിരുന്ന കേസ്സ് അധ്യാപകർക്കനുകൂലമായി വിധിയായി. എൻ. എസ്. എസ്. മാനേജ്മെന്റ് മൊത്തം അധ്യാപകരുടെ സീനിയോറിട്ടി ലിസ്റ്റ് ഉണ്ടാക്കി ഓപ്ഷൻ വാങ്ങി മൂന്നു മാസത്തിനകം ഗാന്ധിജി യൂണിവേഴ്സിറ്റിയിലേയ്ക്ക് അധ്യാപകരെ അലോട്ട് ചെയ്യണമെന്നാണ് വിധി. ഒരിക്കൽ അലോട്ടുമെന്റ് കഴിഞ്ഞാൽ പിന്നീട് ആ യൂണിവേഴ്സിറ്റി മേഖലയിൽ നിന്നും അധ്യാപകരെ മറ്റ് യൂണിവേഴ്സിറ്റി മേഖലകളിലേയ്ക്ക് സ്ഥലം മാറ്റാൻ പാടില്ലെന്നാണ് വ്യവസ്ഥ.

കേരള-കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ തത്തുല്യമായ 64-ാം വകുപ്പ് കൂടി ഉടൻ തന്നെ പ്രാബല്യത്തിലാക്കിക്കിട്ടുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്കു കൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പി.നരേന്ദ്രൻ, ഡോ.കെ.മോഹൻ ദാസ് (എൻ.എസ്.എസ്. കോളേജ്, വാഴൂർ) എന്നിവർ ചേർന്ന് മറ്റൊരു കേസ്സും, അഡ്വക്കേറ്റ് പി. ഗോപാലകൃഷ്ണൻ നായർ മുഖാന്തിരം കേരള ഹൈക്കോടതിയിൽ കൊടുത്തിട്ടുണ്ട്. അന്തർ സർവ്വകലാശാലാ സ്ഥലം മാറ്റം തടയുന്ന ഈ വകുപ്പുകൾ നടപ്പാക്കിക്കിട്ടുന്നതോടുകൂടി അധ്യാപകർ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ സ്ഥലം മാറ്റ ദ്രോഹത്തിൽ നിന്നും വലിയൊരളവുവരെ സ്വതന്ത്രരാകും; പിന്നീട് ശേഷിക്കുന്നത് സർവ്വകലാശാലക്കുള്ളിലുള്ള സ്ഥലംമാറ്റങ്ങൾ മാത്രമാണല്ലോ.

---

# മാർക്ക്ലിസ്റ്റ് തട്ടിപ്പ് കേസ് ഫയൽ-വാർത്ത സത്യവിരുദ്ധം

മാർക്കു ലിസ്റ്റ് തട്ടിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ സിൻഡിക്കേറ്റിൽ അംഗമായിരുന്ന ഞാൻ കേരള യൂണിവേഴ്സിറ്റിയിൽ നിന്നും എടുത്തുകൊണ്ടുപോയെന്നും ഇപ്പോഴും ഞാനവ കൈവശം വച്ചുകൊണ്ടിരിക്കുകയാണെന്നും യൂണിവേഴ്സിറ്റി സെനറ്റ് യോഗത്തിൽ വ്യക്തമാക്കപ്പെട്ടെന്ന് 19-9-'87-ലെ ചില പത്രങ്ങളിൽ വന്ന വാർത്തയിൽ ഒരു സത്യവുമില്ല.

പതിനൊന്ന് കേസുകളെക്കുറിച്ച് അന്വേഷിക്കുന്നതിനു വേണ്ടി 1982 മേയ്മാസത്തിൽ എന്നെ നിയമിക്കുമ്പോഴോ അതിനു ശേഷമോ "ഫയൽ" എന്നു പറയാവുന്ന ഒന്നും തന്നെ യൂണിവേഴ്സിറ്റിയിൽ നിന്നും എനിക്കു തന്നിട്ടില്ല. അനധികൃതമായി ഒരു ഫയലും ഞാൻ യൂണിവേഴ്സിറ്റിയിൽ നിന്നും എടുത്തുകൊണ്ടു പോയിട്ടുമില്ല. (സിൻഡിക്കേറ്റംഗങ്ങൾക്കുപോലും, ആവശ്യമെന്നു വരുമ്പോൾ എഴുതിക്കൊടുത്ത് വാങ്ങാമെന്നല്ലാതെ ഓഫീസിൽ കടന്നുചെന്ന് ഒരു ഫയലും എടുക്കാൻ കഴിയില്ല ) അന്വേഷണം നടത്തുന്നതിനു വേണ്ടി എനിക്ക് ലഭിച്ചത് നിയമന ഉത്തരവും, ആരോപണ വിധേയരായവരുടെ അഡ്രസ്സും, യൂണിവേഴ്സിറ്റിയിലെ ടാബുലേഷൻ ഷീറ്റിൽ നിന്നും, മെഡിക്കൽ കോളേജുകളിൽ നിന്നും യൂണിവേഴ്സിറ്റിയിൽ ലഭിച്ച രേഖകളിൽ നിന്നും (അന്നും ഇന്നും ഈ രേഖകൾ യൂണിവേഴ്സിറ്റിയിൽ തന്നെയാണ ) മാർക്കുകൾ പകർത്തിയ ഒന്നു രണ്ടു കടലാസുകളും മാത്രമാണ്; ഒറിജിനൽ രേഖകൾ അടങ്ങിയ ഏതെങ്കിലും ഫയൽ ഞാൻ പുറത്തു കൊണ്ടുപോയിട്ടില്ല.

മുകളിൽ സൂചിപ്പിച്ച 11 കേസുകളുമായി ബന്ധപ്പെട്ടതും യൂണിവേഴ്സിറ്റിക്ക് നൽകേണ്ടതുമായ ഒരു ഫയലും ഒരു കടലാസും ഞാനിപ്പോൾ കൈവശം വച്ചുകൊണ്ടിരിക്കുന്നില്ല. (യൂണിവേഴ്സിറ്റിക്ക് നൽകേണ്ട ഒരു ഫയലും ഇപ്പോൾ എന്റെ കൈവശമില്ല).

എൻക്വയറി ആരംഭിച്ചതിനുശേഷം ഈ കേസുകളുമായി ബന്ധപ്പെട്ടുണ്ടായ കടലാസുകളുടെ (മെമ്മോ ഓഫ് ചാർജ്, എൻക്വയറി നോട്ടീസ് എന്നിവയുടെ) കോപ്പികൾ അപ്പപ്പോൾ ഞാൻ പരീക്ഷാ കൺട്രോളർക്ക് നൽകിയിരുന്നു. ആരോപണവിധേയരായവർ നിരന്തരമായി തടസ്സവാദങ്ങൾ ഉന്നയിച്ചുകൊണ്ടിരുന്നതിനാലും ചില കേസുകൾ സംബന്ധമായി എന്നേയും പ്രതിയാക്കിക്കൊണ്ടുള്ള കേസുകൾ കോടതികൾ മുമ്പാകെ ഉണ്ടായിരുന്നതിനാലും സിൻഡിക്കേറ്റിലെ എന്റെ അംഗത്വം അവസാനിക്കുന്നതിനു മുമ്പായി അന്വേഷണം പൂർത്തിയാക്കാൻ എനിക്കു കഴിഞ്ഞിരുന്നില്ല. ഹൈക്കോടതിയിൽ ഉണ്ടായിരുന്ന ഒരു കേസിൽ വിധിയുണ്ടായത് 24-6-'86 നു മാത്രമാണ്. എന്റെ അംഗത്വം അവസാനിച്ചതിനെത്തുടർന്ന് എൻക്വയറി സംബന്ധമായി ഓരോ കേസിലും ഞാൻ കൈക്കൊണ്ട നടപടികൾ കാണിച്ചുകൊണ്ടുള്ള റിപ്പോർട്ടും എന്റെ കൈവശമുണ്ടായിരുന്ന കടലാസുകൾ അടങ്ങിയ ഫയലുകളും നൽകണമെന്ന് യൂണിവേഴ്സിറ്റി ആവശ്യപ്പെട്ടപ്പോൾ എന്റെ കൈവശമുണ്ടായിരുന്നതും യൂണിവേഴ്സിറ്റിക്ക് നൽകേണ്ടതുമായ മുഴുവൻ കടലാസുകളും 1985 ജൂലയ്ക്ക് മുമ്പായി ഞാൻ ബന്ധപ്പെട്ടവർക്ക് നൽകി. ഒരു കേസ് സംബന്ധമായി (ചിലർ പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന" പുളിക്കൻ കേസല്ല) 1985 ജൂലയ് മാസത്തിൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഒരു കത്തു ലഭിച്ചപ്പോൾ, ഈ കേസുകളുമായി ബന്ധപ്പെട്ട, യൂണിവേഴ്സിറ്റിക്ക് നൽകേണ്ട, ഒരു പേപ്പറും എന്റെ കയ്യിൽ അവശേഷിക്കുന്നില്ലെന്നും കൈവശമുണ്ടായിരുന്നതെല്ലാം തന്നെ ഞാൻ നൽകികഴിഞ്ഞെന്നും ബന്ധപ്പെട്ടവരെ ഞാൻ അറിയിച്ചു. അതിന് ശേഷം കഴിഞ്ഞ രണ്ടുവർഷക്കാലത്തിനുള്ളിൽ മാർക്കു തട്ടിപ്പുകേസുകൾ സംബന്ധിച്ച് പരീക്ഷാ വിഭാഗത്തിൽ നിന്നും ഒരു കത്തും എനിക്കു ലഭിച്ചിട്ടില്ല; എന്തെങ്കിലും കൊടുക്കാനുണ്ടെന്നറിയിക്കുകയോ, കൊടുക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടുമില്ല. യൂണിവേഴ്സിറ്റിക്ക്

(ശേഷം 19-ാം പേജിൽ

# University Acts, Statutes, Ordinances, Regulations, Rules, etc.

[Prof. T. Gopalakrishnan]

(Continued from the last issue)

REGULATIONS

The Academic Council of a University which is the academic body of the University, has the power to make Regulations and to amend or repeal the same (Section 25 (ii) of the Kerala University Act, 1974, or instance)

It has the power to PRESCRIBE the Courses of Study in the Institutions maintained by or affiliated to the University, to PRESCRIBE the qualifications of teachers in the Colleges affiliated to and in the Institutions maintained by it, etc.

The Acad. Council makes Regulations providing for matters such as:-

(a) the Courses of Studies and the conduct of examinations,

(b) the admission of Students to various Courses of Study and to the examinations,

(c) the qualifications of teachers,

(d) the recognition of examinations Degrees and Diplomas of other Universities as equivalent to the examinations, Degrees and Diplomas of the University, etc.

All Regulations made by the Acad. Council under the provisions of the Act shall have effect from such date as the Acad. Council may direct, but every Regulation so made will have to be laid before the Senate during its next succeedingmeeting.

Procedure for making, amending or repealing Regulations:-

The Acad. Council may make, amend or repeal Regulations: (i) either of its own or (ii) on the recommendations of the Senate, the Syndicate, the Faculties or other authorities of the University. Ordinarily, the Acad Council consults the Faculty or Facultils concerned before making amending or repealing any Regulation relating to the matters referred to above.

The Senate, being the supreme authority of the Uuiversity, has the power to cancel or amend any Regulation passed by the Acad. Council by a majority of the total membership of the Senate and by a majority of not less than two-thirds of the members present and voting. But it has been provided that no Regulation shall be cancelled or amended by the Senate with out giving the Acad Council an opportunity of stating its opinion on the proposed cancellation or amendment This shows amply that, though the senate has the power, it will exercise its power to cancel or amend any Regulation made by the Academic body of the University only after giving it an opportunity of expressing its opinion in regard to the Regulation in question or on the cancellation or ammendment proposed by the Senate.

It is very importent, if any Regulation or an amendment or repeal there of is not

laid before the Senate, the Regulation or amendment to any Regulation made shall lapse or the Regulation repealed shall revive as the case may be, after the next melting of the senate.

Also, the Chancellor of the University can suspend the operation of any Regulation until the Senate has had an opportunity of considering the same.

We know, the Courses offered by the Colleges affiliated to a University or the the Institutions mintained by it are those that are PRESCRIBED by the Acad. Council. The Structure of a Course of Study is ordinarily specified in the Regulations relating to the Course made by the University. So when a Course-restructuring is found to be essential, the Acad. Council has to amend the Existing Regulations relating to the Course followin the procedure prescribed by the relevant Statutes. And, more important, these amendments will have to be laid before the Senate If the amended Requlaion is not laid before the Senate, the amendments will lapse after the next meeting of the Senate.

The Scheme of Examination in respect of a Course also is that prescribed in the Regulations. And for regulating the admission of students to the various Courses in Affiliated Colleges, the Acad. Council has made/makes the necessary Rules and Regulation. The qulification (s) foradmission of students to the various Courses of Study and to the Examinations and the conditions under which exemptions may be granted are all prescribed by the Acad. Council. The Rules for the selection of students to the various courses in private Colleges affiliated to the University of Kerala are those ordered in Kerala University Order No. Ac. B 3/ 1141 dt. 10-4-1973.

As far as the teachers of affiliated Colleges, more particularly of Private Colleges, are concerned, the Regulations relating to the Qualifications of Teachers are very singnificant. From time to time the University Grants Commission determines the minimum qualifications for initial recruitment and for promotions. It is broadly on the lines indicated by the U. G. C. that the Universities in the States prescribe the minimum qualifications for initial appointment and for promotions to higher cadre posts in the Colleges affiliated to them. But the qualifications presbribed from time to time by theU G. C can be enforced only in respect of the appointments/promotions made in furture. The existing teachers in Colleges who possessed, at the time of their initial recrutiment, the minimum qualifications presciibed by the University concerned or deemed to be fully qulified to hold their respective posts under the University Regulations in force then, need not rack their brains unnecessarily thinking about the minimum qualifications prescribed for future recruitment (by the U. G. C. or by the concerned University)'

[inconclusive]

---

(17-ാം പേജിന്റെ തുടർച്ച)

നൽകേണ്ട ഫയലുകളോ കടലാസുകളോ ഒന്നും തന്നെ ഇപ്പോൾ ഞാൻ കൈവശം വച്ചു കൊണ്ടിരിക്കുന്നില്ല. ഇതു സംബന്ധമായുള്ള ഏതു തരം അന്വേഷണത്തേയും ഞാൻ സ്വാഗതം ചെയ്യും—കാര്യങ്ങൾ വ്യക്തമാക്കാൻ അവ ഉപകരിക്കുമല്ലോ.

മറ്റൊന്ന്, "പുളിക്കൻ ഫയലുകൾ" ഞാൻ നൽകികഴിഞ്ഞു എന്നത് വ്യക്തമാക്കുന്ന യൂണിവേഴ്സിറ്റി രേഖ എന്റെ കൈവശമുണ്ട്. ദുഷ്പ്രചരണം നടത്തുന്നവർ ഈകാര്യം ഇനിയെങ്കിലും മനസ്സിലാക്കുമല്ലോ.

പ്രൊഫ. ടി. ഗോപാലകൃഷ്ണൻ

# ഗവൺമെൻറ് ഓർഡർ

## പണിമുടക്കിനെ തുടർന്ന് എടുക്കുന്ന ലീവ് പിരിയഡ് ഡയസ് നോൺ അല്ല

General Administration (SS) Department
Trivandrum,
No. 62132/SS1/87/GAD.

Dated: 30-9-1987.

From
The Chief Secretary to Government.

To

The Director of Collegiate Education,
Trivandrum.

Sir,

Sub: Collegiate Education Department Strike by a section of teachers from 11-6-86 to 4-7-86-Salary withheld for the leave period-reg.

Ref: Your Letters No. Estt. D3-110657/86/Coll. Edn dtd. 29-6-87 and 31-8-87 and No. Estt.D2-54552/87/Coll.Edn. dtd. 1-9-87.

I am directed to invite your attention to the reference cited and to inform you that there is no restriction for granting leave to an employee for periods immediately succeeding a strike period even if that employee participated in that strike. Once leave applied for periods immediately succeeding the period treated as dies-non" is granted on bonafide grounds by a competent authority, that leave period cannot be treated as diesnon. In the circumstances I am directed to request you to allow the salary claims of the three persons viz. Smt. G. Prasannakumari Amma, Sri. A. Revisekharan and K. Balakrishnan.

yours faihfully
Sd/-

UNDER SECRETARY
For Chief Secretary to Govt.
Approved for issue
CV/ Section Officer

Copy to: 1. The General Secretary, A.K.P.C.T.A., 28/406, Ambuja Vilasom Road, Trivandrum vide memorandum dt. 1-5-87.

2. The Higher Education (D) Department
3. Shri. K. Balakrishnan, Lecturer in Commerce, S. N. College, Canannore-vide representation dtd. 20-7-87 (through Director of Collegiate Edn.) Trivandrum.

## പ്രീഡിഗ്രി ബോർഡ് സമരം പിൻവലിച്ചതിനുശേഷമുള്ള അവധി ദിവസങ്ങളിലെ ശമ്പളം നല്കാൻ ഉത്തരവായി.

GOVERNMENT OF KERALA

Abstract

Collegiate Education Department-College Teachers and non- teaching staff who participated in the strike during June-July 1986-Payment of Salary for the holidays from 5th to 7th July 1986 after withdrawal of strike-Orders issued-

HIGHER EDUCATION (D) DEPARTMENT
G. O. Rt. No. 1814/87/H. Edn.
Trivandrum, dated 30-9 1987.

Read: 1. Govt. letter No. 30315/F2/86 H. Edn. dated 13-10-86.

2. G. O. Rt. No.1053/87/H. Edn dated 23-5'87

3. Representation dated 2-6-'87 from the General Secretary All Kerala Private College Teachers' Association,

ORDER

A section of the employees including officers of the Collegiate Education Department, College Teachers and Non-teaching Staff of the Colleges (both Government and Private College) were on token strike on 6-6-'86 in connection with Pre-Degree Board agitation. The period from 7-6-'86 to 10-6-'86 were holidays for the teaching staff. In their letter first read above Government have clarified that the interim holidays from 7-6-'86 to 10-6-'86 will also be treated as dies-non under rule 14A Part I K. S. Rs in respect of the employees who took part in in the token strike on 6-6-'86 and in the indefinite strike from 11-6-'86 in connection with the agitation. On the basis of representations received from the association of the College Teachers, it has been ordered in the G. O. read above that the salary for the intervening holidays between 6th July 1986 and 11th July '86 will be paid to the staff who participated in the token strike and the General strike.

The General Secretary, All Kerala Privias College Teachers' Association as per the representation read above has now requested that salary for the holidays from 5th to 7th July 1986 may also be paid to the employees who have participated in the strike, as they have withdrawn the strike on 4-7-'86.

Government have examined the matter in all its aspects and are pleased to order that the salary for the period from 5th to 7th July 1986 will also be paid to the College Staff who participated in the strike on the analogy of the orders issued in the G. O. read above.

(By Order of the Governor)
KURUVILLA MAMMEN,
UNDER SECRETARY TO GOVERNMENT.

---

പണിമുടക്കു കാലത്തെ ശമ്പളം നൽകാനുത്തരവായി.

---

GOVERNMENT OF KERALA

**Abstract**

Higher Education Dept-Strike by a section of University/College Teachers from 4-8-87 to 14-9-87-payment of salary and allowances for the strike period- orders issued.

HIGHER EDUCATION (B) DEPT

G. O. (MS) No. 252/87/HEdn. Dated, Trivandrum 26-9-1987

ORDER

On the call given by the, All India Federation of University and College Teachers Organisation, a section of University/College Teachers went on an indefinite strike from4-8-1987.Pursuant to the call given by the All India Federation of University and College Teachers Organisation, some of the Associations called off the strike from 4-9-87 and the others on subsequent days. The Associations have requested to examine the demands which necessitated the University/College Teachers to strike work and also for payment of salary and allowances for the strike period. They have also requested

## സെലക്ഷൻ ലിസ്റ്റ് കാലാവധി ഒരുവർഷം

19-6-87 Validity period of select list
No. 815/BII-1/87/Acad.

Kottayam, Dated, 29th June 1987

From
The Registrar

To
The Principals of all Private affiliated Colleges.

*Sub* :- Appointment of teachers in Private affiliated colleges-validity of select list amendation reg.

*Ref* :- This office letter of even No. dtd. 7-10-1986

Sir/Madam,

I write to inform you that the Syndicate at its meeting held on 15-5-1987 resolved that the select list prepared for appointment of teachers in private colleges will be valid for only one year.

This communication is in supercession of this office letter of even no. dated 7-10-1986.

Yours faithfully
Sd/-Assistant Registra
For Registrar

## ശമ്പളമില്ലാത്ത അവധി- ഗ്രേഡ് പ്രൊമോഷന് കണക്കാക്കില്ല

Service for Non-Cadre promotion Estt. D3/36376/87/Coll Edn./L. Dis

Trivandrum, Dated: 6-7-1987

From The Director of Collegiate Education
To Smt Rosy George, Prof. II Grade Nirmala College Muvattupuzha.

*Sub* :- Option for Grade Promotion as I Gr.(N.C.)-Professor-regarding-

*Ref* : 1. Estt. D3/3048/87/ Coll/Edn./ L.Dis. dated 16-1-1987.
2. Your representation dated 4-5-1987

With eligibility to count leave without allowance for the purpose of Grade Promotion granted to the College teachers is decided as per G.O. (MS) 131/76 H Edn. dt, 17-8-1976. As per this G.O. leave without allowance availed even on Medical ground can not be taken in to account for the purpose of Grade promotions to the College teachers. Further, I am to inform you that no other G. O. or rules other than stated herein is applicable in this case and hence your case deserves no reconsideration, as per the rules now in vogue.

Yours faithfully,
Sd/-
Deputy Director of Collegiate Education, Trivandrum

[എൻ. ജി.ഒ. മാർക്കും, സ്കൂൾ അധ്യാപകർക്കും മെഡിക്കൽ ഗ്രൗണ്ടിലുള്ള അവധികാലം ഗ്രേഡ് പ്രമോഷന് കണക്കാക്കുന്ന സാഹചര്യത്തിൽ, കോളേജ് അധ്യാപകർക്കും ഈ ആനുകൂല്യം അനുവദിക്കണമെന്ന് എ. കെ. പി. സി. ടി. എ മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്.]

## ട്രെയിനിംഗ്, സെമിനാർ ഡെപ്യൂട്ടേഷൻ- മുൻകൂർ അനുവാദം വേണം

Deputation for training course
No: Estt A4-14196/87/Coll Edn.

Director of Collegiate Education
Trivandrum, Dated: 8-7-1987

CIRCULAR

*Sub* :- Establishment - Collegiate Education-Deputation for attending Training courses-and Seminars-Instruction-regarding-

*Ref* :- Government letter no: 10228/FI/87 H.Edn. dated 19-6-1987-

Government in the letter cited has directed to give strict instructions to the Heads of Institution not to allow the teachers to attend Training Courses Seminars etc. without prior sanction from Government/Department. The Heads of institutions under this Directorate are directed to comply with these instruction, scrupulously. Any lapse in this will be. viewed seriously.

Sd/-
K. N. Venugopalan,
Addl. Director of Collegiate Education.

that the period of absence may be regularised by allowing them to work on Saturdays to cover up the lost working days. Government are pleased to order that the pay and allowances will be disbursed to them for the period of 'strike' in relaxation of rule 14A part I Kerala Service Rules namely to those who withdraw the strike, and attend College and do teaching work. The University/College Teachers will work on Saturdays to compensate for the lost working days, as agreed to by them.

By order of the Governor
V. RAMACHANDRAN
Chief Secretary

To

The Director, Collegiate Education, Trivandrum
The Registrar of all the Universities
The Accountant General
The Finance Dept

Forwarded /By Order
Section Officer

(12-ാം പേജിന്റെ തുടർച്ച)

# വാർത്തകൾ

## കൊല്ലം ജില്ലാ കൺവെൻഷൻ

എ. കെ. പി. സി. ടി. എ യുടെ കൊല്ലം ജില്ലാ കൺവെൻഷൻ സെപ്തംബർ 23 ചൊവ്വാഴ്ച നാലുമണിക്ക് ഫാത്തിമാ മാതാകോളേജിൽ വച്ച് പ്രൊഫ. ബി. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ കൂടി. അഖിലേന്ത്യാ സമരം പിൻവലിച്ച സാഹചര്യങ്ങളെയും, ഒത്തുതീർപ്പു വ്യവസ്ഥകളെയും കുറിച്ച് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ വിശദീകരണം നൽകി. ഗവൺമെൻറ് കോളേജധ്യാപകൻ പ്രൊഫ. കൊച്ചുകുഞ്ഞും യോഗത്തിൽ പങ്കെടുത്തിരുന്നു. പ്രൊഫ. ഹരിമോഹനൻപിള്ള സ്വാഗതവും, പ്രൊഫ. പി. ഗോപിക്കുട്ടൻ കൃതജ്ഞതയും പറഞ്ഞു.

## സെൻറ് പോൾസ് കളമശ്ശേരി

കളമശ്ശേരി സെൻറ് പോൾസ് കോളേജിലെ എ. കെ. പി. സി. ടി. എ ബ്രാഞ്ചുയോഗം സെപ്തംബർ 23 ന് സംസ്ഥാന സെക്രട്ടറി പ്രൊഫ. ജോയ് ജോബ് കുളവേലിയുടെ അദ്ധ്യക്ഷതയിൽ കൂടി. ആഗസ്ററ് 4 ന് തുടങ്ങിയ കോളേജ്-യൂണിവേഴ്സിററി അധ്യാപകരുടെ അഖിലേന്ത്യാ സമരം പിൻവലിച്ച സാഹചര്യങ്ങളെക്കുറിച്ചും, യു. ജി. സി. സ്കെയിൽ സംസ്ഥാനത്ത് നടപ്പിലാക്കികിട്ടുന്നതിന് സംഘടന എടുത്തുകൊണ്ടിരിക്കുന്ന നടപടികളെക്കുറിച്ചും അദ്ദേഹം വിശദീകരണം നൽകി. പ്രൊഫ. കെ. ഇ. എബ്രഹാം സ്വാഗതവും, ബ്രാഞ്ച് സെക്രട്ടറി ജോർജ് കെ. ജോൺ കൃതജ്ഞതയും രേഖപ്പെടുത്തി.

## പരുമല ദേവസ്വം ബോർഡ് കോളേജ് കൗൺസിൽ ഇലക്ഷനിൽ എ.കെ.പി.സി.ടി. എ ക്ക് വിജയം

പരുമല ദേവസ്വംബോർഡ് കോളേജ് കൗൺസിലിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ സ്ഥാനാർത്ഥികളായ പ്രൊഫ. സുകുമാരചന്ദ്രൻ, പ്രൊഫ. വാസുദേവൻ നായർ, പ്രൊഫ. രാമചന്ദ്രവർമ്മ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. എതിർ പാനലിൽ നിന്ന ചന്ദ്രശേഖര ദാസൻമാർ ദയനീയമായി പരാജയപ്പെട്ടു. കഴിഞ്ഞ വർഷം നടന്ന ഇലക്ഷനിൽ കിട്ടിയതിനേക്കാൾ വമ്പിച്ച ഭൂരിപക്ഷമാണ് ഈ ഇലക്ഷനിൽ നമുക്ക് ലഭിച്ചത്. അവകാശ സമരങ്ങൾക്കു മുമ്പിൽ വിഡ്ഢിവേഷം കെട്ടുന്ന കോമാളികളെ അധ്യാപക സമൂഹം തള്ളിക്കളഞ്ഞിരിക്കുന്നു.

## വെൽഫയർ ട്രസ്ററ്

അന്തരിച്ച വെൽഫയർ ട്രസ്ററ് അംഗങ്ങളുടെ വിശദവിവരങ്ങൾ ബ്രാഞ്ച് സെക്രട്ടറിമാർ ജനറൽ സെക്രട്ടറിയെ അറിയിക്കണം.

പി. നരേന്ദ്രൻ
ജനറൽസെക്രട്ടറി
28/406, അംബുജവിലാസം റോഡ്
തിരുവനന്തപുരം.1

**Kerala Private College Teacher**

monthly journal of the all kerala private college teachers' association

No. 74 R. No. M-36025/81 Registered No. KL/TV (N) 35



സ്ഥലം മാററ ദ്രോഹത്തിനെതിരെ ചങ്ങനാശ്ശേരി എൻ. എസ്. എസ്. ഹെഡ്കാർട്ടേഴ്സ് പടിക്കൽ നടത്തിയ ധർണ്ണ കെ. വി. ദേവദാസ് ഉദ്ഘാടനം ചെയ്യുന്നു.



ധർണ്ണയുടെ മറെറാരു ദൃശ്യം

printed and published by v. narayanankutty at chempaka printers trivandrum-4 phone: 82127 chief editor, v. n. murali.